"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

നമ്പർ.ഡി1/157/2023-ഡിഡി
ക്ഷീരവികസന വകുപ്പ്
തിരുവനന്തപുരം
തിയതി: 03-06-2025

<u>അനൗദ്യോഗിക കുറിപ്പ്</u>

വിഷയം:- ക്ഷീരവികസന വകുപ്പ് -ക്ഷീരവികസന വകുപ്പിന് കീഴിലുള്ള വലിയതുറ സ്റ്റേറ്റ് ഫോഡർ ഫാമിലെ 14 സീനിയർ കാഷ്വൽ തൊഴിലാളികളെ സ്ഥിരപ്പെടുത്തിയത് - സംബന്ധിച്ച്

സൂചന - 1)19.05.2023-ലെ സ.ഉ.(സാധാ)നം.53/2023/ഡി.ഡി
2)28.05.2025 ലെ 2987 നമ്പർ മന്ത്രിസഭാ തീരുമാനം

സൂചനയിലേക്ക് പൊതുഭരണ (എസ്.സി) വകുപ്പിന്റെ ശ്രദ്ധ ക്ഷണിക്കാവുന്നതും, സൂചന (2) മന്ത്രിസഭായോഗ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ക്ഷീരവികസന വകുപ്പിന് കീഴിലുള്ള വലിയതുറ സ്റ്റേറ്റ് ഫോഡർ ഫാമിലെ 14 സീനിയർ കാഷ്വൽ തൊഴിലാളികളെ സ്ഥിരപ്പെടുത്തിയ സൂചന (1) ഉത്തരവിന് സാധൂകരണം ലഭ്യമാക്കിയിട്ടുണ്ട്.

അതിനാൽ സൂചന (2) പ്രകാരം പുതിയ സർക്കാർ ഉത്തരവുകളൊന്നും പുറപ്പെടുവിച്ചിട്ടില്ലെന്ന വിവരം പ്രസ്തുത വകുപ്പിനെ അറിയിക്കാവുന്നതുമാണ്.

**NISSAR A**
**UNDER SECRETARY**

പൊതുഭരണ (എസ്.സി) വകുപ്പ്

ഉത്തരവിൻ പ്രകാരം

Signed by
Ajayakumar. A
Date: 03-06-2025 16:41:48
സെക്ഷൻ ഓഫീസർ.

രഹസ്യം

# കേരള സർക്കാർ

# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

## തീയതി : 28-05-2025

ഫയൽ നം. ഡി1/157/2023/ഡിഡി.   ഇനം നം: 2987

വിഷയം : ക്ഷീരവികസന വകുപ്പ് - ക്ഷീരവികസന വകുപ്പിന് കീഴിലുള്ള വലിയതുറ സ്റ്റേറ്റ് ഫോഡർ ഫാമിലെ 14 സീനിയർ കാഷ്വൽ തൊഴിലാളികൾക്ക് പുനരധിവാസത്തിനായി 19.05.2023-ലെ സ.ഉ.(സാധ) നം.53/2023/DD നമ്പർ ഉത്തരവ് പ്രകാരം സ്ഥിരപ്പെടുത്തിയ നടപടിയ്ക്ക് സാധൂകരണം നൽകുന്നത്.

തീരുമാനം : സാധൂകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി

(ശരിപ്പകർപ്പ്)

ഡോ. എ. ജയതിലക്
ചീഫ് സെക്രട്ടറി

സെക്രട്ടറി, ക്ഷീരവികസന വകുപ്പ്.

**കേരള സർക്കാർ**
**(ശ്രീ.പിണറായി വിജയൻ മന്ത്രിസഭ)**
**മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്**

| | | |
|---|---|---|
| 1. | ഫയൽ നമ്പർ | : ഡി1/157/2023/ഡിഡി |
| 2. | വകുപ്പ് | : ക്ഷീരവികസന വകുപ്പ് |
| 3. | വിഷയം | : ക്ഷീരവികസന വകുപ്പിന് കീഴിലുള്ള വലിയതുറ സ്റ്റേറ്റ് ഫോഡർ ഫാമിലെ 14 സീനിയർ കാഷ്വൽ തൊഴിലാളികൾക്ക് പുനരധിവാസത്തിനായി 19.05.2023 ലെ സ.ഉ.(സാധ) നം.53/2023/DD നമ്പർ ഉത്തരവ് പ്രകാരം സ്ഥിരപ്പെടുത്തിയ നടപടിയ്ക്ക് സാധൂകരണം നൽകുന്നത് സംബന്ധിച്ച്. |
| 4. | മന്ത്രിസഭാ യോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | : 02.12.2024 |
| 5. | (i) ഇത് സാമ്പത്തിക ബാധ്യതയുള്ളതാണോ ?<br>(ii)സാമ്പത്തിക ബാധ്യതയുള്ളതാണെങ്കിൽ ധനകാര്യവകുപ്പുമായി ആലോചിച്ചിട്ടുണ്ടോ, ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ ? | : അതെ<br>ഉണ്ട് |
| 6. | മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ ? | ഉണ്ട്<br>ഉണ്ട് |
| 7. | കുറിപ്പ് സമർപ്പിച്ച അഡിഷണൽ സെക്രട്ടറിയുടെ പേര് | : ശ്രീ. ഷിബു.എ.റ്റി |
| 8. | കുറിപ്പ് അംഗീകരിച്ച സെക്രട്ടറിയുടെ പേര് | : ഡോ. വാസുകി.കെ |
| 9 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് സെക്രട്ടറി അംഗീകരിച്ച തീയതി | : 09.05.2025 |
| 10 | കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | : ഡോ.എ.ജയതിലക് |
| 11. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | : 20.05.2025 |
| 12. | കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | : ശ്രീമതി.ചിഞ്ചുറാണി.ജെ |
| 13. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | : 24.05.2025 |
| 14. | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | : 26.05.2025 |
| 15. | മന്ത്രിസഭാ യോഗം തീരുമാനമെടുത്ത തീയതി | : |
| 16. | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവ്/കത്തിന്റെ നമ്പറും തീയതിയും | : |

## മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്

ക്ഷീരവികസന വകുപ്പിന് കീഴിലുള്ള വലിയതുറ സ്റ്റേറ്റ് ഫോഡർ ഫാമിലെ 14 സീനിയർ കാഷ്വൽ തൊഴിലാളികളുടെ പുനരധിവാസത്തിനായി 19.05.2023 ലെ സ.ഉ.(സാധാ) നം.53/2023/ഡിഡി നമ്പർ ഉത്തരവ് പ്രകാരം അവരെ ജോലിയിൽ സ്ഥിരപ്പെടുത്തിയ നടപടിയ്ക്ക് സാധൂകരണം നൽകുന്നത് സംബന്ധിച്ചുള്ളതാണ് ഈ കുറിപ്പ്.

(2) വലിയതുറ സ്റ്റേറ്റ് ഫോഡർ ഫാമിൽ തീറ്റപ്പുൽ കൃഷി ചെയ്തു വന്നിരുന്ന സ്ഥലത്തിന്റെ ഏറിയ ഭാഗവും വിവിധ വകുപ്പുകൾക്കും, ഏജൻസികൾക്കുമായി വീതിച്ച് നല്കിയതിനെ തുടർന്ന് അധികമായിവന്ന 37 സ്ഥിരം ജോലിക്കാരിൽ 26 പേരെ 15.03.2012 ലെ ജി.ഒ(എം.എസ്) നം.53/12/എഡി ഉത്തരവ് പ്രകാരം ക്ഷീരവികസന വകുപ്പിന്റെ കീഴിൽ വിവിധ ഓഫീസുകളിലായി പുനർവിന്യസിച്ചിരുന്നു. വലിയതുറ ഫാമിൽ നിന്നും ഇപ്രകാരം പുനർവിന്യസിക്കപ്പെട്ട സ്ഥിരം തൊഴിലാളികൾ വിരമിക്കുന്ന മുറയ്ക്ക് ടി ഒഴിവിൽ എങ്ങനെ നിയമനം നടത്താമെന്ന് ടി ഉത്തരവിൽ പരാമർശിച്ചിരുന്നില്ല. ഇങ്ങനെ പുനർവിന്യസിക്കപ്പെട്ട സ്ഥിരം തൊഴിലാളികൾ സൂപ്പർ ആന്വേഷനിൽ പെൻഷൻ പറ്റി പിരിയുമ്പോൾ ഫാമിലെ കാഷ്വൽ തൊഴിലാളികളുടെ സീനിയോറിറ്റി ലിസ്റ്റിൽ നിന്നും ഏറ്റവും സീനിയറായ കാഷ്വൽ തൊഴിലാളികളെ സ്ഥിരം തൊഴിലാളികളായി നിയമിച്ചു വരികയായിരുന്നുവെന്നും, എന്നാൽ താല്ക്കാലിക /ദിവസ വേതന ജീവനക്കാരെ ഒഴിവു വരുന്ന സ്ഥിരം തൊഴിലാളിയുടെ പോസ്റ്റിൽ നിയമിക്കുന്നത് 04.10.2006 ലെ ബഹു:- സുപ്രീം കോടതിയുടെ സ്റ്റേറ്റ് ഓഫ് കർണാടക Vs ഉമാദേവി കേസിലെ വിധിന്യായത്തിന്റെ ലംഘനമായതിനാൽ

ഇത്തരത്തിൽ തീരുമാനം എടുക്കുവാനോ ഉത്തരവുകൾ പുറപ്പെടുവിക്കാനോ പാടില്ലായെന്ന് 21.01.2016 ലെ F3/17/2016/AH നമ്പർ കത്ത് പ്രകാരം സർക്കാർ നിർദ്ദേശിച്ചിരുന്നുവെന്നും എന്നാൽ സ്ഥിരം നിയമനം ലഭ്യമാകും എന്നുള്ള പ്രതീക്ഷയിൽ സ്വീവേജ് മാലിന്യ ജലത്തിൽ വളരെ തുച്ഛമായ വേതനത്തിൽ ജോലി ചെയ്യുന്ന കാഷ്വൽ തൊഴിലാളികളെ മാനുഷിക പരിഗണന നല്കി ,സർക്കാർ ജീവനക്കാരിലെ ഏറ്റവും താഴ്ന്ന ശമ്പള സ്കെയിലിൽ സ്ഥിരം നിയമനം നല്കുന്നതിന് അനുവാദം നല്കണമെന്ന് വകുപ്പ് ഡയറക്ടർ 20.01.2017 ലെ F3/19506/2016 നമ്പർ കത്ത് പ്രകാരം ശുപാർശ ചെയ്യുകയുണ്ടായി. തുടർന്ന് വലിയതുറ സ്റ്റേറ്റ് ഫോഡർ ഫാമിൽ നിന്നും ക്ഷീരവികസന വകുപ്പിന്റെ മറ്റ് ഓഫീസുകളിലേക്ക് പുനർവിന്യസിച്ചിരുന്ന 26 സ്ഥിരം തൊഴിലാളികളിൽ 7 പേർ റിട്ടയർ ചെയ്ത സാഹചര്യത്തിൽ നിലവിൽ ഫാമിലുള്ള 11 സ്ഥിരം തൊഴിലാളികളിൽ നിന്നും 7 പേരെ ടി ഒഴിവുകളിലേക്ക് മാറ്റി നിയമിക്കുന്നതിന് വേണ്ട നടപടി സ്വീകരിക്കാനായി 15.11.2017 ലെ ഇ 3/16560/2017 നമ്പർ കത്ത് പ്രകാരം ക്ഷീരവികസന വകുപ്പ് ഡയറക്ടർ ശിപാർശ ചെയ്യുകയുണ്ടായി. 7 കാഷ്വൽ തൊഴിലാളികളെ സീനിയോറിറ്റിയുടെ അടിസ്ഥാനത്തിൽ സ്ഥിരം തൊഴിലാളി തസ്തികയിൽ നിയമിക്കുന്ന കാര്യത്തിൽ ,ധനകാര്യ വകുപ്പിന്റെ അഭിപ്രായം തേടിയപ്പോൾ , ധനകാര്യ വകുപ്പ് ചുവടെ പറയും പ്രകാരം അഭിപ്രായം രേഖപ്പെടുത്തി.

"വലിയതുറ സ്റ്റേറ്റ് ഫോഡർ ഫാമിൽ നിന്നും 7 പേർ റിട്ടയർ ചെയ്ത ഒഴിവുകളിൽ നിലവിലുള്ള സ്ഥിരം തൊഴിലാളികളെ സ്ഥലം മാറ്റി നിയമിക്കാവുന്നതാണെന്നും റിട്ടയർ ചെയ്തവർക്ക് പകരം നിയമനം കൃഷി വകുപ്പ് റിപ്പോർട്ട് ചെയ്തിരിക്കുന്ന പ്രകാരം കാഷ്വൽ തൊഴിലാളികളെ സീനിയോറിറ്റിയുടെ അടിസ്ഥാനത്തിൽ സ്ഥിരം തൊഴിലാളി തസ്തികയിൽ നിയമിക്കാവുന്നതാണ്"

(3) തുടർന്ന് മൃഗസംരക്ഷണ, ക്ഷീരവികസന വകുപ്പുകളിലെയും KVASU, KEPCO, KLDB എന്നീ സ്ഥാപനങ്ങളിലെയും ഫാം തൊഴിലാളികളുമായി ബന്ധപ്പെട്ട വിഷയങ്ങൾ പരിശോധിച്ച് പരിഹാരം കാണാൻ ഒരു പ്രൊപ്പോസൽ സമർപ്പിക്കുന്നതിനായി മൃഗസംരക്ഷണ വകുപ്പ് അഡീഷണൽ സെക്രട്ടറി ചെയർ പേഴ്സണായും ജോയിന്റ് സെക്രട്ടറി കൺവീനറായും മൃഗസംരക്ഷണ വകുപ്പ് ഡയറക്ടർ, ക്ഷീരവികസന വകുപ്പ് ഡയറക്ടർ, കേരള വെറ്ററിനറി യൂണിവേഴ്സിറ്റി, കെപ്കോ, കെ.എൽ.ഡി.ബി എന്നിവരുടെ പ്രതിനിധിമാരെ ഉൾപ്പെടുത്തി 18.12.2021 ലെ സ.ഉ(സാധാ) നം.456/2021/എ.എച്ച്.ഡി ഉത്തരവ് പ്രകാരം ഒരു സമിതി രൂപീകരിച്ചിരുന്നു. പ്രസ്തുത സമിതിയുടെ ഈ വിഷയവുമായി ബന്ധപ്പെട്ട 30.11.2022 ലെ സ.ഉ(കൈ) നം.30/2022/AHD ഉത്തരവു പ്രകാരമുള്ള ശുപാർശ താഴെ പറയുന്നു.

"ക്ഷീരവികസന വകുപ്പിലെ വലിയതുറ സ്വീവേജ് ഫാമിലെ നിലവിലുള്ള 14 സ്ഥിരം തൊഴിലാളികളുടെ ഒഴിവിൽ കാഷ്വൽ തൊഴിലാളികളെ സ്ഥിരപ്പെടുത്തുക. ഇനിയുണ്ടാകുന്ന ദിവസവേതന തൊഴിലാളികളുടെ ഒഴിവിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽനിന്നും നിയമനം നടത്തുക." (ശുപാർശ– 2) .

(4) സമിതിയുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ, വലിയതുറ ഫാമിലെ നിലവിലുള്ള 14 സ്ഥിരം തൊഴിലാളികളുടെ ഒഴിവിൽ ക്ഷീരവികസന വകുപ്പ് ഡയറക്ടർ റിപ്പോർട്ട് ചെയ്ത പ്രകാരം 14 കാഷ്വൽ തൊഴിലാളികളെ സ്ഥിരപ്പെടുത്തിക്കൊണ്ടും അപ്രകാരമുണ്ടാകുന്ന കാഷ്വൽ തൊഴിലാളികളുടെ ഒഴിവിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽനിന്നും നിയമനം നടത്തുന്നതിന് അനുമതി നൽകിക്കൊണ്ടും 19.05.2023 ലെ സ.ഉ.(സാധാ) നം.53/2023/ഡിഡി പ്രകാരം സർക്കാർ ഉത്തരവായി.

(5) വലിയതുറ സ്റ്റേറ്റ് ഫോഡർ ഫാമിലെ 14 കാഷ്വൽ തൊഴിലാളികളെ സ്ഥിരപ്പെടുത്തുന്നതിന് അനുമതി നൽകിക്കൊണ്ടുള്ള 19.05.2023 ലെ സ.ഉ.

(സാധാ) നം.53/2023/DD നമ്പർ ഉത്തരവ് ധനകാര്യ വകുപ്പിലേയ്ക്ക് അയച്ചപ്പോൾ ടി വകുപ്പ് താഴെ പറയും പ്രകാരമാണ് അഭിപ്രായം രേഖപ്പെടുത്തിയത്

"Rules of Business 10(ii) ലേക്ക് ശ്രദ്ധ ക്ഷണിച്ചു കൊണ്ട് ഭരണ വകുപ്പ് ഫയൽ മടക്കുന്നു."

Rules of Business 10(ii) ൽ ഇപ്രകാരമാണ് രേഖപ്പെടുത്തിയിട്ടുള്ളത്.

"(ii) Subject to the general provisions of rule 8, no proposal, which requires the previous consulation of the Finance Department under sub-rule (i) but in which the Finance Department has not concurred and the Finance Minister has agreed with the Finance Department may be proceeded with unless a decision to that effect has been taken by the Council of Ministers."

(6) ധനകാര്യ വകുപ്പിന്റെ അഭിപ്രായത്തിനായി ഫയൽ അയച്ച സമയത്ത് 7 ഒഴിവുകൾ മാത്രമാണ് ഉണ്ടായിരുന്നത്. എന്നാൽ സമിതിയുടെ ശുപാർശ സമയത്ത് അത് 14 ആയി ഉയരുകയുണ്ടായി. അതിൻപ്രകാരമാണ് സമിതി 14 സ്ഥിരം തൊഴിലാളികളുടെ ഒഴിവിൽ കാഷ്വൽ തൊഴിലാളികളെ സ്ഥിരപ്പെടുത്താൻ ശുപാർശ ചെയ്തത്.

(7) ധനകാര്യ വകുപ്പ് ശുപാർശ ചെയ്തതിൽ നിന്നും അധികമായി 7 തസ്തികകളിലേയ്ക്ക് കൂടി സ്ഥിരനിയമനത്തിനു തൊഴിലാളികൾ ഉണ്ടായിരുന്നതിനാലാണ് അവകാശമുള്ള 14 പേർക്ക് നിയമനം സ്ഥിരപ്പെടുത്തി ഉത്തരവ് പുറപ്പെടുവിച്ചത്. ഈ സാഹചര്യത്തിൽ, അർഹതപ്പെട്ട സീനിയർ തൊഴിലാളികൾക്ക് പുനരധിവാസത്തിനായി നൽകിയ 14 നിയമനങ്ങളും സാധൂകരിക്കുന്നതിനു മന്ത്രിസഭയുടെ തീരുമാനത്തിനായി സമർപ്പിക്കാമോ എന്ന ഉത്തരവിനായി ഫയൽ ബഹു. മുഖ്യമന്ത്രിയ്ക്ക് ചംക്രമണം ചെയ്തപ്പോൾ ബഹു. മുഖ്യമന്ത്രി നല്കിയ ഉത്തരവ്

അനുസരിച്ച് ധനകാര്യ വകുപ്പിന്റെ അഭിപ്രായം തേടിയിരുന്നു. ധനകാര്യ വകുപ്പ് താഴെപറയുന്ന അഭിപ്രായമാണ് രേഖപ്പെടുത്തിയിട്ടുള്ളത്.

"ധനകാര്യ വകുപ്പ് മുമ്പ് നൽകിയ നിർദ്ദേശത്തിൽ (17.08.2023 തീയതിയിലെ) ഉറച്ച് നിൽക്കുന്നതായി ഭരണ വകുപ്പിനെ അറിയിക്കുന്നു. "

(8) തുടർന്ന് ക്ഷീരവികസന വകുപ്പിന് കീഴിലുള്ള വലിയതുറ സ്റ്റേറ്റ് ഫോഡർ ഫാമിലെ 14 സീനിയർ കാഷ്വൽ തൊഴിലാളികൾക്ക് പുനരധിവാസത്തിനായി 19.05.2023 ലെ സ.ഉ.(സാധാ) നം.53/2023/ഡിഡി നമ്പർ ഉത്തരവ് പ്രകാരം സ്ഥിരപ്പെടുത്തിയ നടപടിയ്ക്ക് സാധൂകരണം നൽകുന്നതിനായി ബഹു.മുഖ്യമന്ത്രിയുടെ നിർദ്ദേശാനുസരണം മന്ത്രിസഭായോഗത്തിനായി കരട് കുറിപ്പ് സമർപ്പിക്കുകയും പ്രസ്തുത കുറിപ്പിന്മേൽ ചീഫ് സെക്രട്ടറി താഴെപ്പറയും പ്രകാരം ഉത്തരവായി.

"കാര്യനിർവ്വഹണ ചട്ടങ്ങളിലെയും അനുബന്ധ സർക്കുലറുകളിലെയും നടപടിക്രമങ്ങൾ പാലിക്കാതെ 19.05.2023 ലെ സ.ഉ.(സാധാ) നം.53/2023/ഡിഡി പുറപ്പെടുവിക്കാനുണ്ടായ അടിയന്തര സാഹചര്യം വ്യക്തമാക്കിയും, ടി സ്ഥിരപ്പെടുത്തൽ നടപടി ഉമാദേവി കേസിലെ വ്യവസ്ഥകളുടെ ലംഘനമാണോയെന്ന കാര്യം നിയമവകുപ്പുമായി കൂടിയാലോചിച്ച് പരിശോധിച്ച് ഉറപ്പ് വരുത്തി അവരുടെ അഭിപ്രായം കൂടി ഉൾപ്പെടുത്തിയും മന്ത്രിസഭാകുറിപ്പ് പുതുക്കി സമർപ്പിക്കുക"

(9) മൃഗസംരക്ഷണ വകുപ്പ് അഡീഷണൽ സെക്രട്ടറി ചെയർ പേഴ്സണായും ജോയിന്റ് സെക്രട്ടറി കൺവീനറായും മൃഗസംരക്ഷണ വകുപ്പ് ഡയറക്ടർ, ക്ഷീരവികസന വകുപ്പ് ഡയറക്ടർ, കേരള വെറ്ററിനറി യൂണിവേഴ്സിറ്റി, കെപ്കോ, കെ.എൽ.ഡി.ബി എന്നിവരുടെ പ്രതിനിധിമാർ ഉൾപ്പെട്ട സമിതിയുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ, വലിയതുറ ഫാമിലെ നിലവിലുള്ള 14 സ്ഥിരം തൊഴിലാളികളുടെ ഒഴിവിൽ ക്ഷീരവികസന വകുപ്പ് ഡയറക്ടർ റിപ്പോർട്ട് ചെയ്ത വിധം 14 കാഷ്വൽ തൊഴിലാളികളെ

സ്ഥിരപ്പെടുത്തിക്കൊണ്ടും അപ്രകാരമുണ്ടാകുന്ന കാഷ്വൽ തൊഴിലാളികളുടെ ഒഴിവിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽനിന്നും നിയമനം നടത്തുന്നതിന് അനുമതി നൽകിക്കൊണ്ടും 19.05.2023 ലെ സ.ഉ.(സാധ) നം.53/2023/ഡിഡി പ്രകാരം ഉത്തരവ് പുറപ്പെടുവിക്കുകയുമുണ്ടായി. ധനകാര്യ വകുപ്പിന്റെ അഭിപ്രായത്തിനായി ഫയൽ അയച്ച സമയത്ത് 7 ഒഴിവുകൾ മാത്രമാണ് ഉണ്ടായിരുന്നത്. എന്നാൽ സമിതിയുടെ ശുപാർശ സമയത്ത് അത് 14 ആയി ഉയരുകയുണ്ടായി. അതിൻപ്രകാരമാണ് സമിതി 14 സ്ഥിരം തൊഴിലാളികളുടെ ഒഴിവിൽ അർഹതയുള്ള കാഷ്വൽ തൊഴിലാളികളെ സ്ഥിരപ്പെടുത്താൻ ശുപാർശ ചെയ്തത്. ഇതാണ് പ്രസ്തുത ഉത്തരവ് പുറപ്പെടുവിക്കാനുണ്ടായ സാഹചര്യം.

(10) ഈ വിഷയത്തിൽ നിയമ വകുപ്പ് രേഖപ്പെടുത്തിയ അഭിപ്രായം ചുവടെ ചേർക്കുന്നു.

ബഹു. സുപ്രീം കോടതി Secretary, State of Karnataka and Ors. Vs. Umadevi and Ors. (Civil Appeal Nos. 3595-3612 of 1999) എന്ന കേസിൽ പുറപ്പെടുവിച്ച വിധിന്യായത്തിലെ പ്രസക്തമായ ഭാഗം ചുവടെ ചേർക്കുന്നു;

*"44. One aspect needs to be clarified. There may be cases where irregular appointments (not illegal appointments) as explained in S.V. Narayanappa (supra), R.N. Nanjundappa (supra), and B.N. Nagarajan (supra), and referred to in paragraph 15 above, of duly qualified persons in duly sanctioned vacant posts might have been made and the employees have continued to work for ten years or more but without the intervention of orders of courts or of tribunals. The question of regularization of the services of such employees may have to be considered on merits in the light of the principles settled by this Court in the cases above referred to and in the light of this judgment. In*

*that context, the Union of India, the State Governments and their instrumentalities should take steps to regularize **as a one time measure**, the services of such irregularly appointed, who have worked for ten years or more in duly sanctioned posts but not under cover of orders of courts or of tribunals and should further ensure that regular recruitments are undertaken to fill those vacant sanctioned posts that require to be filled up, in cases where temporary employees or daily wagers are being now employed. **The process must be set in motion within six months from this date**. We also clarify that regularization, if any already made, but not sub judice, need not be reopened based on this judgment, but there should be no further by-passing of the constitutional requirement and regularizing or making permanent, those not duly appointed as per the constitutional scheme."*

2006-ലെ ബഹു.സുപ്രീം കോടതിയുടെ Secretary, State of Karnataka and Ors. Vs. Umadevi and Ors. (Civil Appeal Nos. 3595-3612 of 1999) കേസിലെ വിധിന്യായത്തിനു ശേഷം, 20.12.2024 -ൽ വന്ന Jaggo Vs. Union of India (UOI) and Ors. and Anita and Ors. Vs. Union of India (UOI) and Ors. കേസിലെ വിധിന്യായത്തിൽ ഇത്തരം 'regularisation' സംബന്ധിച്ച് കുറച്ചു കൂടി 'liberal view' ആണ് ബഹു.സുപ്രീം കോടതി സ്വീകരിച്ചിട്ടുള്ളത് എന്ന് കാണാവുന്നതാണ്. Jaggo Vs. Union of India (UOI) and Ors. and Anita and Ors. Vs. Union of India (UOI) and Ors. (Civil Appeal No. 14831 of 2024) എന്ന കേസിലെ വിധിന്യായത്തിലെ പ്രസക്ത ഭാഗം ചുവടെ ചേർക്കുന്നു;

*"......26. While the judgment in Uma Devi (supra) sought to curtail the practice of backdoor entries and ensure appointments adhered to constitutional principles, it is regrettable that its principles are often misinterpreted or misapplied to deny legitimate claims of long-serving*

*employees. This judgment aimed to distinguish between "illegal" and "irregular" appointments.* ***It categorically held that employees in irregular appointments, who were engaged in duly sanctioned posts and had served continuously for more than ten years, should be considered for regularization as a one-time measure****. However, the laudable intent of the judgment is being subverted when institutions rely on its dicta to indiscriminately reject the claims of employees, even in cases where their appointments are not illegal, but merely lack adherence to procedural formalities. Government departments often cite the judgment in Uma Devi (supra) to argue that no vested right to regularization exists for temporary employees, overlooking the judgment's explicit acknowledgment of cases where regularization is appropriate. This selective application distorts the judgment's spirit and purpose, effectively weaponizing it against employees who have rendered indispensable services over decades....."*

സമാന വിഷയത്തിൽ 2024 ജനുവരി 30 തീയതിയിൽ ബഹു. സുപ്രീംകോടതി Vinod Kumar & Ors. Etc. v. Union of India & Ors.( Civil Appeal Nos. 5153-5154 of 2024) നമ്പർ കേസിൽ പുറപ്പെടുവിച്ചിട്ടുള്ള വിധിയുടെ പ്രസക്ത ഭാഗങ്ങൾ ചുവടെ ചേർക്കുന്നു,

*"The essence of employment and the rights thereof cannot be merely determined by the initial terms of appointment when the actual course of employment has evolved significantly over time - The continuous service of the appellants in the capacities of regular employees, performing duties indistinguishable from those in permanent posts, and their selection through a process that mirrors that of regular recruitment, constitute a substantive departure from the temporary and scheme-specific nature of their initial*

*engagement - Moreover, the appellants' promotion process was conducted and overseen by a Departmental Promotional Committee and their sustained service for more than 25 years without any indication of the temporary nature of their roles being reaffirmed or the duration of such temporary engagement being specified, merits a reconsideration of their employment status - The appellants' service conditions, as evolved over time, warrant a reclassification from temporary to regular status - The failure to recognize the substantive nature of their roles and their continuous service akin to permanent employees runs counter to the principles of equity, fairness, and the intent behind employment regulations* ".

എന്നാൽ ബഹു.കേരള ഹൈക്കോടതി W.A No.2084 of 2018 കേസിൽ നടത്തിയിട്ടുള്ള നിരീക്ഷണം പ്രത്യകം ശ്രദ്ധിക്കേണ്ടതുമാണ്. ടി വിധിയുടെ പ്രസക്ത ഭാഗം ഇങ്ങനെയാണ്;

"5. '***The law laid down by the Supreme Court is the law of the land. Any deviation therefrom is only to be deprecated***. *When a Constitution Bench of the Supreme Court has declared that regularization should be permitted only as a one-time measure subject to the conditions mentioned in paragraph 53 of the judgment in Secretary, State of Karnataka and Others v. Uma Devi and Others (supra) we do not see how any authority can violate those directions and issue orders of regularization contrary to the principles laid down in that judgment..........*

* * * * *

*7. Since we have found that any regularization of employees contrary to the principles in Secretary, State of Karnataka and Others v. Uma Devi and*

Others (supra) is illegal and against the law declared by the Supreme Court and since we have noticed that orders are being issued contrary to the law declared by the Supreme Court in that Judgment, we deem it appropriate to suo-motu implead the Chief Secretary to the Government of Kerala, Government Secretariat, Thiruvananthapuram - 695 001 as additional 3rd respondent to this Writ Appeal. The Registry shall carry out necessary amendments to the cause title. The Registry shall forward a certified copy of this Judgment to the Additional 3rd respondent who shall upon its receipt take note of the fact that **no regularization can be granted to any temporary employee in the Government/ its Departments/ Statutory bodies including Local Self - Government Institutions/ Government Companies / Statutory Corporations / or in any institution like the IHRD where there is 'deep and pervasive state control' / special purpose vehicles formed for implementing specific projects / institutions of public importance and related to governmental functions etc. contrary to the express directions in Secretary, State of Karnataka and Others v. Uma Devi and Others (supra)** which we have referred to and extracted in this judgment. The Additional 3rd respondent shall taking note of the above issue instructions, in such form and manner that he may decide, to all institutions of the nature indicated above indicating clearly that no regularization shall be permitted contrary to the directions of the Supreme Court in Secretary, State of Karnataka and Others v. Uma Devi and Others (supra). Let this be done by the Additional 3rd respondent within an outer time limit of 3 weeks from the date of receipt of a copy of this Judgment."

ആകയാൽ, State of Karnataka Vs. Umadevi (AIR 2006 SC 1806) കേസിലെ ബഹു.സുപ്രീം കോടതിയുടെ വിധിയുടെ പശ്ചാത്തലത്തിൽ, മുകളിൽ സൂചിപ്പിച്ചിട്ടുള്ള ബഹു.കോടതി വിധികൾക്ക് വിധേയമായി, അതാത് സാഹചര്യങ്ങൾക്ക് അനുസൃതമായും, മുകളിൽ സൂചിപ്പിച്ചിട്ടുള്ള വിധിന്യായങ്ങൾ ഈ ഫയലിലെ പ്രതിപാദ്യ വിഷയത്തിന് അനുപൂരകമാണോ എന്ന് ഭരണ വകുപ്പ് പരിശോധിച്ച്, തീരുമാനം കൈക്കൊള്ളാവുന്നതാണ് എന്ന് അറിയിക്കാവുന്നതാണ്."

(11) കൃഷി വകുപ്പിന് കീഴിലുള്ള ഫാമുകളിലെ കാഷ്വൽ തൊഴിലാളികളെ സ്ഥിരപ്പെടുത്തുന്നതിന് സ്റ്റേറ്റ് ഓഫ് കർണാടക Vs ഉമാദേവി കേസിലെ ബഹു. സുപ്രീം കോടതി വിധി ബാധകമാകില്ല എന്ന് **ഡി1/36/2017/ഡിഡി** ഫയലിൽ നിയമ വകുപ്പ് അഭിപ്രായപ്പെട്ടതിന്റെ അടിസ്ഥാനത്തിലാണ് 19.05.2023 ലെ സ.ഉ.(സാധാ) നം.53/2023/DD നമ്പർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളത്. വിഷയത്തിന്മേൽ ഡി1/36/2017-ഡിഡി ഫയലിലെ നിയമ വകുപ്പിന്റെ അഭിപ്രായം ചുവടെ ചേർക്കുന്നു.

" 45.കൃഷി വകുപ്പിന് കീഴിലുള്ള ഫാമുകളിൽ കാഷ്വൽ തൊഴിലാളികളെ സ്ഥിരപ്പെടുത്തുന്നതിന് സെക്രട്ടറി, സ്റ്റേറ്റ് ഓഫ് കർണാടക Vs ഉമാദേവി കേസിലെ ബഹു. സുപ്രീം കോടതി വിധി ബാധകമാകില്ല എന്ന് നിയമ (സ്യൂട്ട് II) വകുപ്പിൽ നിന്നും അറിയിച്ചിട്ടുള്ളതിന്റെ അടിസ്ഥാനത്തിൽ ക്ഷീര വികസന വകുപ്പിനു കീഴിലുള്ള സ്വീവേജ് ഫാമിലെ തൊഴിലാളികൾക്ക് മേൽ സുപ്രീംകോടതി വിധി ബാധകമാണോ എന്നത് സംബന്ധിച്ച് നിയമ വകുപ്പിന്റെ അഭിപ്രായത്തിനായാണ് ഭരണ വകുപ്പ് ഫയൽ കൈമാറിയിരിക്കുന്നത്.

46. ഒരു regular post ലേയ്ക്കുള്ള നിയമനം regular recruitment process-ലൂടെ മാത്രമേ നടത്താവൂ എന്നും താല്ക്കാലിക / ദിവസവേതന ജീവനക്കാരേയും അന്യത്രസേവന വ്യവസ്ഥയിൽ സേവനമനുഷ്ഠിയ്ക്കുന്നവരെയും മറ്റും 09/10/2006

ന ശേഷം സ്ഥിരപ്പെടുത്തരുതെന്നുമാണ് ബഹു. സുപ്രീം കോടതി Secretary State of Karnataka Vs Umadevi AIR 2006 SC 1806 എന്ന കേസിൽ വിധിച്ചിട്ടുള്ളത്. എന്നാൽ കൃഷിവകുപ്പിന്റെ കീഴിലുള്ള Special farms -ലും മറ്റും കാഷ്വൽ തൊഴിലാളികളെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന നിയമിക്കാറുണ്ടെന്നും, ഒഴിവു വരുന്ന മുറയ്ക്ക് അവരെ പിന്നീട് സ്ഥിരപ്പെടുത്തിയേക്കും എന്ന വ്യവസ്ഥയോടെയാണ് ഇത്തരത്തിൽ നിയമിക്കുന്നതെന്നും 01/11/2008-ലെ 36907/AF1/07/Agri നമ്പർ കത്തിൽ വ്യക്തമാക്കിയിട്ടുണ്ട്. കൂടാതെ ഇത്തരം ഫാമുകളിൽ സ്ഥിരം തൊഴിലാളികളെ നേരിട്ട് നിയമിക്കാറില്ലെന്നും, farm wise seniority list ന്റെ അടിസ്ഥാനത്തിൽ കാഷ്വൽ തൊഴിലാളികളെ sanctioned post കളിലേയ്ക്ക് നിയമിക്കുന്ന കീഴ് വഴക്കമാണുള്ളതെന്നും റിപ്പോർട്ട് ചെയ്തതിന്റെ അടിസ്ഥാനത്തിലാണ് നിയമ (സ്യൂട്ട്) വകുപ്പിൽ നിന്നും ഉപദേശം നൽകിയിട്ടുള്ളതെന്നും കാണുന്നു. കൂടാതെ ബഹു. ഹൈക്കോടതി ഡിവിഷൻ ബഞ്ചിന്റെ WA No.1049/2008-ാം നമ്പർ കേസിലെ ചുവടെ ചേർത്തിട്ടുള്ള നിരീക്ഷണവും കണക്കിലെടുത്തിട്ടുള്ളതായി കാണുന്നു.

"Further there are practical difficulties also for engaging casual workers from the candidates advised by the Employment Exchange. Whenever casual work is being available informing the Employment Exchange and getting workers would be difficult and by the time necessity of engaging casual workers would be over. It is also difficult to engage regular workers if the work is not regular and only when occasionally work arises such workers are engaged. Therefore, whenever work is there, these workers should be given employment as causal workers."

47. കൃഷി വകുപ്പിന്റെ കീഴിലുള്ള ഫാമിലെ തൊഴിലാളികൾ സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിലുള്ള ഒരു selection process ലൂടെ നിയമിതരാകുന്നവരും. കൂടാതെ ഫാമിലെ തൊഴിലാളികളെ നേരിട്ട് നിയമിക്കുന്നതിനുള്ള വ്യവസ്ഥ നിലവിൽ ഇല്ലാത്തതുമാണ്.

**48. ക്ഷീരവികസന വകുപ്പിന്റെ വലിയതുറ ഫാമിലും, സമാനമായ നിയമന രീതിയും സേവന വ്യവസ്ഥകളുമാണ് നിലനില്ക്കുന്നതെങ്കിൽ ടി വകുപ്പിനു കീഴിലുള്ള സ്വീവേജ് ഫാമിലെ കാഷ്വൽ തൊഴിലാളികളെ സ്ഥിരപ്പെടുത്തുന്നതിനും ഇതേ മാനദണ്ഡം അനുവർത്തിക്കാവുന്നതാണ്."**

(12) 24.11.1999 ലെ ജി.ഒ(എം.എസ്) നം.326/99/കൃഷി ഉത്തരവിന്റെ അടിസ്ഥാനത്തിൽ വലിയതുറ ഫാമിലും കൃഷി വകുപ്പിലേതു പോലെ നേരിട്ട് നിയമിക്കുന്ന വ്യവസ്ഥ നിലവിലില്ലാത്തതും കാഷ്വൽ തൊഴിലാളികളുടെ സീനിയോറിറ്റി പ്രകാരവുമാണ് സ്ഥിരം തൊഴിലാളികളെ നിയമിക്കുന്നതെന്നും അതോടൊപ്പം കൃഷി വകുപ്പിലെ അതേ സേവന വ്യവസ്ഥകളാണ് ക്ഷീരവികസന വകുപ്പിലും നിലവിലുള്ളതെന്നും 08.01.2018, 16.05.2018 എന്നീ തീയതികളിലെ F3/19506/2018 നമ്പർ കത്ത് പ്രകാരം ക്ഷീരവികസന വകുപ്പ് ഡയറക്ടർ അറിയിച്ചിരുന്നു. കൃഷി ഫാം വകുപ്പിലെ തൊഴിലാളികളുടെ നിയമന രീതിയും,അവരെ ടി തസ്തികയിൽ സ്ഥിരപ്പെടുത്തുന്നതിനുള്ള മാനദണ്ഡങ്ങളും അറിയിക്കുന്നതിനായി ഡി1/36/2017-ഡിഡി ഫയൽ പ്രകാരം കൃഷി (ഫാംസ്) വകുപ്പിലേക്ക് അയച്ചിരുന്നു. കൃഷി (ഫാംസ്) വകുപ്പിന്റെ അഭിപ്രായം ചുവടെ ചേർക്കുന്നു.

"ശ്രീമതി.വി.സത്യഭാമ മുതൽ പേർ ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ മുമ്പാകെ കാഷ്വൽ സർവ്വീസ് റഗുലറൈസ് ചെയ്തു നൽകണമെന്നു സമർപ്പിച്ച OA(EKM) No 1649/2016 നമ്പർ കേസുമായി

ബന്ധപ്പെട്ട് ഫാം തൊഴിലാളികളുടെ നിയമനരീതി അവലോകനം ചെയ്ത അവസരത്തിലാണ് നിയമ വകുപ്പ് "the process of regularizing casual farm labourers as permanent farm labourers in agriculture farms will not come within the ambit of the judgment of Hon'ble Supreme Court in State of Karnataka Vs. Umadevi and the said regularization is not in violation of Umadevi's case." എന്ന സ്പഷ്ടീകരണം നൽകിയത്. കൃഷി വകുപ്പിനു കീഴിൽ സ്ഥിരം ഫാം തൊഴിലാളികളുടെ ഒഴിവിലേയ്ക്ക് നിയമനം നടത്തുന്നത് നേരിട്ടുള്ള നിയമനം വഴിയല്ല. 24/11/1999 ലെ സ.ഉ.(സാധാ)നം. 326/99/കൃഷി അനുസരിച്ച് അതാത് ഫാമുകളിൽ ജോലി ചെയ്ത ആകെ ദിവസങ്ങൾ കണക്കിലെടുത്തുകൊണ്ടുള്ള സീനിയോരിറ്റിയുടെ അടിസ്ഥാനത്തിൽ അതാതു ഫാമുകളിലെ കാഷ്വൽ തൊഴിലാളികളെ സ്ഥിരം തൊഴിലാളികളുടെ അംഗീകൃത തസ്തികകളിലേയ്ക്ക് സ്ഥിരപ്പെടുത്തി നിയമിക്കുകയാണ് ചെയ്യുന്നത്.

ഒ.എ. 782/2016 നമ്പർ കേസിൽ ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ 02/12/2016 ന് പുറപ്പെടുവിച്ച വിധിന്യായം അനുസരിച്ച് കൃഷി വകുപ്പിന് കീഴിലുള്ള സ്പെഷ്യൽ ഫാമുകൾ ഉൾപ്പടെയുള്ള എല്ലാ ഫാമുകളിലും നഴ്സറികളിലും തൊഴിലാളികളെ സ്ഥിരമായോ കാഷ്വൽ ആയോ ദിവസ വേതനത്തിലോ നിയമിക്കുന്നത് /നിയോഗിക്കുന്നത് സംവരണക്രമം പാലിച്ച് ഫാം സ്ഥിതി ചെയ്യുന്ന പ്രദേശത്തെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ നിന്നു മാത്രം ആയിരിക്കണം എന്ന് വ്യവസ്ഥ ചെയ്തുകൊണ്ട് സ.ഉ.(കൈ)നം. 51/2017/കൃഷി തീയതി 03/04/2017 പ്രകാരം ഉത്തരവായിട്ടുണ്ട്. സർക്കാർ ഫാമുകളിൽ സ്ഥിരം തൊഴിലാളികളുടെ റിട്ടയർമെന്റ് മൂലമുണ്ടാകുന്ന ഒഴിവുകളിൽ ഫാം സീനിയോരിറ്റിയുടെ അടിസ്ഥാനത്തിൽ കാഷ്വൽ തൊഴിലാളികളെ നിയമിക്കുകയും, തന്മൂലം ഉണ്ടാകുന്ന കാഷ്വൽ തൊഴിലാളികളുടെ ഒഴിവുകളിലേയ്ക്ക് പുതുതായി തൊഴിലാളികളുടെ നിയമനം ഈ ഉത്തരവ് പ്രകാരം എംപ്ലോയ്മെന്റ് മുഖേനയാണ് നടക്കുന്നത്. കാഷ്വൽ തൊഴിലാളികൾക്ക് സ്ഥിരം

തൊഴിലാളികളായി നിയമനം നൽകുന്നത് ഇപ്പോഴും 24/11/1999 ലെ സ.ഉ. (സാധാ)നം. 326/99/കൃഷി അനുസരിച്ച് അതാത് ഫാമുകളിൽ ജോലി ചെയ്ത ആകെ ദിവസങ്ങൾ കണക്കിലെടുത്തുകൊണ്ടുള്ള സീനിയോരിറ്റിയുടെ അടിസ്ഥാനത്തിൽ തന്നെയാണ്.

13/12/2017 ലെ സ.ഉ.(കൈ) നം. 161/2017/കൃഷി പ്രകാരം കൃഷി വകുപ്പിനു കീഴിലുള്ള ഫാമുകളിലെ കാഷ്വൽ തൊഴിലാളികളെ അതാത് ഫാമുകളിലെ സ്ഥിരം തൊഴിലാളികളുടെ ഒഴിവുകളിൽ സീനിയോരിറ്റിയുടെ അടിസ്ഥാനത്തിൽ സ്ഥിരപ്പെടുത്തുന്നതിന് അനുമതി നൽകിയും ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ബന്ധപ്പെട്ട സർക്കാർ ഉത്തരവുകൾ ലോക്കൽ റഫറൻസിൽ ചേർത്തിരിക്കുന്നു."

(13) വലിയതുറ ഫാമിലും കൃഷി വകുപ്പിന് സമാനമായ നിയമന രീതിയും സേവനവ്യവസ്ഥകളുമാണ് നിലനിൽക്കുന്നതെങ്കിൽ ടി വകുപ്പിന് കീഴിലുള്ള സ്വീവേജ് ഫാമിലെ കാഷ്വൽ തൊഴിലാളികളെ സ്ഥിരപ്പെടുത്തുന്നതിനും ഇതേ മാനദണ്ഡം അനുവർത്തിയ്ക്കാവുന്നതാണെന്ന് നിയമ വകുപ്പ് അഭിപ്രായപ്പെടുകയും ചെയ്തിട്ടുണ്ട്. കൂടാതെ വിഷയത്തിന്മേൽ ധനകാര്യ വകുപ്പ് നേരത്തെ ലഭ്യമാക്കിയിരുന്ന അഭിപ്രായം ഇപ്രകാരമാണ്.

"വലിയതുറ സ്റ്റേറ്റ് ഫോഡർ ഫാമിൽ നിന്നും 7 പേർ റിട്ടയർ ചെയ്ത ഒഴിവുകളിൽ നിലവിലുള്ള സ്ഥിരം തൊഴിലാളികളെ സ്ഥലം മാറ്റി നിയമിക്കാവുന്നതാണെന്നും റിട്ടയർ ചെയ്തവർക്ക് പകരം നിയമനം കൃഷി വകുപ്പ് റിപ്പോർട്ട് ചെയ്തിരിക്കുന്ന പ്രകാരം കാഷ്വൽ തൊഴിലാളികളെ സീനിയോറിറ്റിയുടെ അടിസ്ഥാനത്തിൽ സ്ഥിരം തൊഴിലാളി തസ്തികയിൽ നിയമിക്കാവുന്നതാണ്"

(14) ധനകാര്യ വകുപ്പിന്റെ മേൽ അഭിപ്രായം പരിശോധിക്കുമ്പോൾ കാഷ്വൽ തൊഴിലാളികളെ റെഗുലറൈസ് ചെയ്യുന്നതിന് അനുകൂലമായ അഭിപ്രായമാണ് രേഖപ്പെടുത്തിട്ടുള്ളത്. ധനകാര്യ വകുപ്പിന്റെ

അഭിപ്രായത്തിനായി ഫയൽ അയച്ച സമയത്ത് 7 ഒഴിവുകൾ മാത്രമാണ് ഉണ്ടായിരുന്നത്. എന്നാൽ സമിതിയുടെ ശുപാർശ സമയത്ത് ഏഴ് തസ്തികകളിൽകൂടി ഒഴിവ് വന്നതിനെതുടർന്ന് അത് 14 ആയി ഉയരുകയുണ്ടായി. കൂടാതെ ജീവനക്കാരുടെ എണ്ണം വർദ്ധിച്ചുവെങ്കിലും പ്രസ്തുത ജീവനക്കാരെ സ്ഥിരപ്പെടുത്തിയതിന്റെ തത്വം ഒന്നാണ്. നിയമവകുപ്പിന്റെ അഭിപ്രായത്തിൽ സൂചിപ്പിച്ചിട്ടുള്ള പ്രധാനപ്പെട്ട വിധിന്യായങ്ങളിലെ പ്രസക്ത ഭാഗങ്ങൾ പരിശോധിക്കുമ്പോൾ വലിയതുറ സ്റ്റേറ്റ് ഫോഡർ ഫാമിലെ 14 കാഷ്വൽ തൊഴിലാളികളെ സ്ഥിരപ്പെടുത്തുന്ന വിഷയം ബഹു. സുപ്രീം കോടതി Secretary, State of Karnataka and Ors. Vs. Umadevi and Ors. (Civil Appeal Nos. 3595-3612 of 1999) എന്ന കേസിൽ പുറപ്പെടുവിച്ച വിധിന്യായത്തിലെയും പ്രസ്തുത ഉത്തരവിന്റെ ചുവടു പിടിച്ച് പുറപ്പെടുവിച്ച 20.12.2024 -ലെ Jaggo Vs. Union of India (UOI) and Ors. and Anita and Ors. Vs. Union of India (UOI) and Ors. (Civil Appeal No. 14831 of 2024) എന്ന കേസിലെയും വിധിന്യായത്തിലേയും അന്ത:സത്ത ഉൾക്കൊണ്ടുകൊണ്ട് പരിഗണനാർഹമാണെന്നും അതിനാൽ അർഹതയുള്ള 14 ജീവനക്കാരെ സ്ഥിരപ്പെടുത്തിയ സർക്കാർ ഉത്തരവിന് സാധൂകരണം നല്കാവുന്നതാണെന്നും കാണുന്നു.

## <u>തീരുമാനിക്കേണ്ട വിഷയം</u>

19.05.2023 ലെ സ.ഉ.(സാധാ) നം.53/2023/ഡിഡി ഉത്തരവ് പ്രകാരം ക്ഷീരവികസന വകുപ്പിന് കീഴിലുള്ള വലിയതുറ സ്റ്റേറ്റ് ഫോഡർ ഫാമിലെ 14 സീനിയർ കാഷ്വൽ തൊഴിലാളികളെ പുനരധിവാസത്തിനായി സ്ഥിരപ്പെടുത്തിയ നടപടി സാധൂകരിക്കാമോ?

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

കൃഷി(ക്ഷീരവികസന)വകുപ്പ് - വലിയതുറ സ്റ്റേറ്റ് ഫോഡർ ഫാമിലെ നിലവിലുള്ള 14 സ്ഥിരം തൊഴിലാളികളുടെ ഒഴിവിലേയ്ക്ക് വലിയതുറ ഫാമിലെ കാഷ്വൽ തൊഴിലാളികളെ സ്ഥിരം തൊഴിലാളികളായി നിയമിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

കൃഷി(ക്ഷീരവികസന) വകുപ്പ്

സ.ഉ.(സാധാ) നം.53/2023/DD തീയതി,തിരുവനന്തപുരം, 19-05-2023

---

പരാമർശം:-

1. 15.03.2012 ലെ ജി.ഒ(എം.എസ്) 53/12/എഡി ഉത്തരവ്
2. 22/03/2017 ലെ സ.ഉ (കൈ) നം. 03/2017 ഡിഡി ഉത്തരവ്
3. 18.12.2021 ലെ സ.ഉ(സാധാ) നം. 456/2021/എ.എച്ച്.ഡി ഉത്തരവ്
4. 30.11.2022 ലെ സ.ഉ(കൈ) നം.30/2022/എ.എച്ച്.ഡി ഉത്തരവ്
5. ക്ഷീരവികസന വകുപ്പ് ഡയറക്ടറുടെ 20.01.2017,20.03.2017, 08.01.2018, 16.05.2018 തീയതികളിലെ F3/19506/2016 നമ്പർ കത്തുകൾ
6. ക്ഷീരവികസന വകുപ്പ് ഡയറക്ടറുടെ 28.03.2023 ലെ DDDKER/5138/2021-F3 നമ്പർ കത്ത്

<u>ഉത്തരവ്</u>

ക്ഷീരവികസന വകുപ്പിന് കീഴിലുള്ള വലിയതുറ സ്റ്റേറ്റ് ഫോഡർ ഫാമിൽ തീറ്റപ്പുൽ കൃഷി ചെയ്തു വന്നിരുന്ന സ്ഥലത്തിന്റെ ഏറിയ ഭാഗവും വിവിധ വകുപ്പുകൾക്കും, ഏജൻസികൾക്കും വീതിച്ച് നല്കിയതിനെ തുടർന്ന് ഫാമിൽ അധികമായിവന്ന സ്ഥിരം ജോലിക്കാരിൽ 26 പേരെ പരാമർശം (1) ഉത്തരവ് പ്രകാരം ക്ഷീരവികസന വകുപ്പിന്റെ കീഴിൽ പുനർവിന്യസിച്ചിരുന്നു. തുടർന്ന് പരാമർശം (2) പ്രകാരം ക്ഷീരവികസന വകുപ്പിലേയ്ക്ക് പുനർവിന്യസിക്കപ്പെട്ടവരിൽ വിരമിച്ച ഒരു തൊഴിലാളി ഒഴിച്ച് 25 സ്ഥിരം തൊഴിലാളികളുടെ തസ്തിക ക്ഷീരവികസന വകുപ്പിൽ അവർ ജോലി ചെയ്ത് വന്ന ഓഫീസുകളിലേയ്ക്ക് ഷിഫ്റ്റ് ചെയ്യുന്നതിന് അനുമതി നൽകി ഉത്തരവായിട്ടുണ്ട്. വലിയതുറ സ്റ്റേറ്റ് ഫോഡർ ഫാമിലെ സ്ഥിരംതൊഴിലാളികൾ വിരമിക്കുന്ന

ഒഴിവിലേയ്ക്ക് നിലവിലെ കാഷ്വൽ തൊഴിലാളികളെ സ്ഥിരം നിയമനം നൽകുന്നതിന് പരാമർശം (5) പ്രകാരം ക്ഷീരവികസന വകുപ്പ് ഡയറക്ടർ ശിപാർശ ചെയ്തിരുന്നു.

തുടർന്ന് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുകളിലെ ഫാം തൊഴിലാളികളുമായി ബന്ധപ്പെട്ട വിഷയങ്ങൾ ചർച്ച ചെയ്യുന്നതിനായി മൃഗസംരക്ഷണ വകുപ്പ് അഡീഷണൽ സെക്രട്ടറിയുടെയും, ക്ഷീരവികസന വകുപ്പ് ജോയിന്റ് സെക്രട്ടറിയുടെയും നേതൃത്വത്തിൽ പരാമർശം (3) ഉത്തരവ് പ്രകാരം ഒരു സമിതി രൂപീകരിക്കുകയും, ടി സമിതി മേൽ വിഷയം വിശദമായി വിശകലനം ചെയ്യുകയുമുണ്ടായി. വലിയതുറ ഫാമിൽ ജോലി ചെയ്യുന്ന കാഷ്വൽ തൊഴിലാളികൾ സീവേജ് മാലിന്യം ഉൾപ്പെടെയുള്ള പ്രതികൂല സാഹചര്യങ്ങളെ അതിജീവിച്ചാണ് ഫാമിനായി ജോലി ചെയ്ത് വന്നിരുന്നതെന്നും, ട്രീറ്റ്മെന്റ് പ്ലാന്റ് ഉൾപ്പെടെ വന്നതിന് ശേഷമാണ് പൂർണ്ണമായും സീവേജ് മാലിന്യത്തിലുള്ള ജോലി എന്ന അവസ്ഥയിൽ നിന്നും മാറ്റമുണ്ടായതെന്നും, ആദ്യകാലങ്ങളിൽ സീവേജ് ഫാമിലെ ജോലിയ്ക്ക് പലരും വിമുഖത കാണിച്ചിരുന്ന സന്ദർഭങ്ങളിൽ ജോലിയ്ക്കായി എത്തിയ ഈ കാഷ്വൽ തൊഴിലാളികളെ സ്ഥിരപ്പെടുത്തുന്നത് എന്തുകൊണ്ടും ഉചിതമായ തീരുമാനമാകുമെന്നും, ഇനിയുണ്ടാകുന്ന ഒഴിവുകളിൽ എംപ്ലോയ്മെൻറ് എക്സ്ചേഞ്ച് മുഖേന മാത്രം കാഷ്വൽ തൊഴിലാളികളെ നിയമിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ് ഉചിതമെന്നും സമിതി വിലയിരുത്തുകയും, വലിയതുറ സീവേജ് ഫാമിലെ നിലവിലുള്ള 14 സ്ഥിരം തൊഴിലാളികളുടെ ഒഴിവിൽ കാഷ്വൽ തൊഴിലാളികളെ സ്ഥിരപ്പെടുത്തുവാനും ഇനിയുണ്ടാകുന്ന ദിവസവേതന തൊഴിലാളികളുടെ ഒഴിവിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽനിന്നും നിയമനം നടത്തുവാനുമായി ശിപാർശ ചെയ്യുകയുമുണ്ടായി. ടി റിപ്പോർട്ട് സർക്കാർ ചർച്ച ചെയ്യുകയും ചർച്ചയിൽ തീരുമാനമായതിന്റെ അടിസ്ഥാനത്തിൽ സമിതി റിപ്പോർട്ട് അംഗീകരിച്ച് പരാമർശം (4) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ടി ഉത്തരവിൽ സമിതി റിപ്പോർട്ടിലെ ശിപാർശകൾക്കനുസൃതമായുള്ള പ്രൊപ്പോസൽ ക്ഷീരവികസന വകുപ്പ് തലവൻ അടിയന്തരമായി സർക്കാരിൽ സമർപ്പിക്കേണ്ടതാണെന്ന് നിഷ്കർഷിച്ചതിന്റെ അടിസ്ഥാനത്തിൽ നാളിതുവരെ ക്ഷീരവികസന വകുപ്പിലേയ്ക്ക് പുനർവിന്യസിച്ച തൊഴിലാളികളിൽ 14 പേർ സേവനത്തിൽ നിന്നും വിരമിച്ചിട്ടുണ്ടെന്നും ആയതിനാൽ നിലവിലുള്ള 14 സ്ഥിരം തൊഴിലാളികളുടെ ഒഴിവിൽ വലിയതുറ ഫാമിലെ 14 കാഷ്വൽ തൊഴിലാളികളെ സ്ഥിരപ്പെടുത്തുന്നതിനുള്ള പ്രൊപ്പോസൽ പരാമർശം (6) പ്രകാരം ക്ഷീരവികസന വകുപ്പ് ഡയറക്ടർ ലഭ്യമാക്കിയിട്ടുണ്ട്.

മേൽ വസ്തുതകളുടെ അടിസ്ഥാനത്തിൽ സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. അതിന്റെ അടിസ്ഥാനത്തിൽ കാഷ്വൽ തൊഴിലാളികളുടെ തുടർന്നുള്ള

നിയമനം ആവശ്യകത പരിശോധിച്ച് ആവശ്യമെങ്കിൽ മാത്രം എംപ്ലോയെമെൻറ് എക്സ്ചേഞ്ച് വഴി മാത്രം നടത്തുക എന്ന കർശന നിർദ്ദേശത്തിന് വിധേയമായി വലിയതുറ ഫോഡർ ഫാമിൽ നിന്നും ക്ഷീരവികസന വകുപ്പിലേക്ക് പുനർവിന്യസിക്കപ്പെട്ട സ്ഥിരം തൊഴിലാളികളിൽ 14 പേർ സൂപ്പർആന്വേഷനിൽ സേവനത്തിൽനിന്നും വിരമിച്ച ഒഴിവുകളിലേയ്ക്ക് പരാമർശം (6) കത്ത് പ്രകാരം ക്ഷീരവികസന വകുപ്പ് ഡയറക്ടർ ശിപാർശ ചെയ്തിട്ടുള്ള വലിയതുറ സ്റ്റേറ്റ്ഫോഡർ ഫാമിലെ 14 കാഷ്വൽ തൊഴിലാളികളെ സ്ഥിരപ്പെടുത്തുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

K J SALINI

ജോയിന്റ് സെക്രട്ടറി

ഡയറക്ടർ, ക്ഷീരവികസന വകുപ്പ്, തിരുവനന്തപുരം

സൂപ്രണ്ട്, വലിയതുറ സ്റ്റേറ്റ് ഫോഡർ ഫാം, തിരുവനന്തപുരം (ക്ഷീരവികസന വകുപ്പ് ഡയറക്ടർ മുഖാന്തിരം)

പ്രിൻസിപ്പൽ അക്കൗണ്ടൻറ് ജനറൽ (എ ആന്റ് ഇ), കേരള, തിരുവനന്തപുരം

പ്രിൻസിപ്പൽ അക്കൗണ്ടൻറ് ജനറൽ (ഓഡിറ്റ്), കേരള, തിരുവനന്തപുരം

നിയമ വകുപ്പ്

ധനകാര്യ വകുപ്പ്

മൃഗസംരക്ഷണ (എഫ്) വകുപ്പ്

കൃഷി(ഫാംസ്)വകുപ്പ്

വിവര പൊതുജന സമ്പർക്ക വകുപ്പ്

സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

K J SALINI

ജോയിന്റ് സെക്രട്ടറി

ഉത്തരവിൻ പ്രകാരം

Signed by
Molyvijaya C S
Date: 19-05-2023 11:56:50

സെക്ഷൻ ഓഫീസർ